DESPATCHED
On 05/03/2020

14/1/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 230*(7)*/*2014*/***എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.1280/എസ്.ഐ.സി-ജി 6/14

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. എൻ. വിജയൻ**<br>**നെല്ലിയുള്ളതിൽ വീട്**<br>പാലേരി പി.ഒ<br>**കുറ്റ്യാടി (വഴി) കോഴിക്കോട്-673 508** | **പരാതി ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| 1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**<br>**സെക്രട്ടറി, ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്,**<br>**കടിയങ്ങാട്.പി.ഒ**<br>**കോഴിക്കോട്-673 525**<br><br>2. **അപ്പീൽ അധികാരി**<br>**ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്**<br>**ജില്ലാപഞ്ചായത്ത്, കോഴിക്കോട്** | **എതിർകക്ഷികൾ** |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടിയിൽ തൃപ്തികരമായ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ്, കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും ഇരുകക്ഷികളും ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. ആയതിൽ വിവരാവകാശപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾക്കെല്ലാം മറുപടി നൽകിയിട്ടുണ്ടെന്ന് എസ്.പി.ഐ.ഒ ബോധിപ്പിച്ചു.

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് എസ്.പി.ഐ.ഒ ലഭ്യമായ വിവരങ്ങൾ എല്ലാം തന്നെ സമയബന്ധിതമായി നൽകിയതായി കാണുന്നതിനാലും ഹർജിക്കാരൻ മറുപടി എല്ലാം ലഭിച്ചു എന്ന് മൊഴി നൽകിയതിനാലും, ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)



res